പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 555 — 11.12.2012 ൽ മറുപടിയ്ക്ക്

## ശാസ്താംകോട്ട ശുദ്ധജലതടാകത്തിലെ മലിനീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) ശാസ്താംകോട്ട ശുദ്ധജലതടാകത്തിലെ മലിനീകരണം തടയുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ) ബോർഡ് ശാസ്താംകോട്ട കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ സംക്ഷിപ്ത വിവരണം ചുവടെ ചേർക്കുന്നു.<br>(i) ശാസ്താംകോട്ട തടാകവും പരിസരവും സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തടാകത്തിലും വൃഷ്ടി പ്രദേശത്ത് നിശ്ചിത ദൂരം വരെയും മലിനീകരണമുണ്ടാക്കുന്ന പ്രവർത്തികൾ നിരോധിച്ചു കൊണ്ട് ബോർഡ് 09.06.2010 ൽ വിജ്ഞാപനം പുറപ്പെടുവിച്ചു. കായലിന്റെ വൃഷ്ടി പ്രദേശത്ത് നിരോധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിലേക്കായി വിജ്ഞാപനത്തിൽ നിരോധിച്ചിട്ടുള്ള കാര്യങ്ങൾ പരാമർശിച്ചു കൊണ്ടുള്ള പരസ്യ ബോർഡുകൾ കായലിന്റെ ചുറ്റുവട്ടത്ത് പലഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. കായലിലെ ജലപരിശോധന നടത്തി ഗുണനിലവാരം നോക്കി വരുന്നു.<br>(ii) 2012-13 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ശാസ്താംകോട്ട തടാകത്തിന്റെ മലിനീകരണം സംബന്ധിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിന് ജില്ലാ ഭരണകൂടം, ശുചിത്വ മിഷൻ, CWRDM, |

| | | | |
|---|---|---|---|
| | | | സന്നദ്ധ സംഘടനകൾ തുടങ്ങി ടി വിഷയവുമായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പബ്ലിക്ക് ഹിയറിംഗ് നടത്തുകയുണ്ടായി. |
| (ബി) | തടാക മലിനീകരണം നിർമ്മാർജ്ജനം ചെയ്യുന്നതിന് ബോർഡ് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | തടാക മലിനീകരണ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ബോർഡിന് ചെലവുകൾ ഉണ്ടായിട്ടില്ല. |
| (സി) | മലിനീകരണം തടയുന്നതുമായി ബന്ധപ്പെട്ട് ബോർഡ് കഴിഞ്ഞ വർഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ശാസ്താംകോട്ടയുടെ മലിനീകരണവുമായി ബന്ധപ്പെടുത്തി കേസുകൾ ഒന്നും കഴിഞ്ഞ വർഷം എടുത്തിട്ടില്ല. |
| (ഡി) | ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ഈടാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ? | (ഡി) | നഷ്ടപരിഹാരം ഈടാക്കാൻ ജല നിയമത്തിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ